


# ജമാഅത്തെ ഇസ്‌ലാമിയാണ് ശരി സി.പി.എമ്മും മുസ്‌ലിം ലീഗും തെറ്റുതിരുത്തണം

ലേഖനം ● ഡോ. കൂട്ടിൽ മുഹമ്മദലി

**അതെന്തായാലും** നന്നായി, പിണറായി വിജയനും പി.കെ കുഞ്ഞാലിക്കുട്ടിയും ജമാഅത്തെ ഇസ്‌ലാമിക്കെതിരെ പൊട്ടിച്ച വെടികൾ കേരളത്തിൽ ഗൗരവമാർന്ന ഒരു രാഷ്ട്രീയ സംവാദത്തിന് നിമിത്തമായല്ലോ. പിണറായി ബോധപൂർവമാണ് പൊട്ടിച്ചതെങ്കിൽ കുഞ്ഞാലിക്കുട്ടി കുടുങ്ങിപ്പോയതാണ്. കുടുക്കിയത് മറ്റാരുമല്ല, സ്വന്തക്കാർതന്നെ. അവരുടെ ലൈൻ പാർട്ടി ലൈനായി മാറ്റുന്നത് കുഞ്ഞാലിക്കുട്ടിക്ക് നിസ്സഹായനായി നോക്കിനിൽക്കേണ്ടിവന്നു. അവരേക്കാൾ വലിയ ജമാഅത്ത് വിരുദ്ധനാവുകയാണ് പാർട്ടിയിൽ അവരെ ഒതുക്കാൻ ഇനി നല്ലതെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെയാണ് ജമാഅത്തിന്റെ നെഞ്ചകത്തേക്ക് അദ്ദേഹം വെടിയുതിർക്കുന്നത്. പക്ഷേ, ആ വെടി മുസ്‌ലിം ലീഗിനു തന്നെ തിരിച്ചുകൊണ്ടു. കാരണം വ്യക്തം– കുഞ്ഞാലിക്കുട്ടി ആദ്യം സ്വീകരിച്ചതാണ് (2010 മെയ് 15ന് *പ്രബോധന*ത്തിന് നൽകിയ അഭിമുഖം) ലീഗിന്റെ നയമാകേണ്ടത്. പക്വതയുള്ള ഒരു രാഷ്ട്രീയ നേതാവിന്റെ അഭിപ്രായങ്ങളാണത്. മുസ്‌ലിം ലീഗിനും മുസ്‌ലിം സമുദായത്തിനും നാടിനും ഗുണം ചെയ്യുന്ന സമീപനം. കുഞ്ഞാലിക്കുട്ടിക്ക്, പക്ഷേ ഇത് പാർട്ടിയിൽ സമർഥിക്കുന്നതിനും സ്ഥാപിക്കുന്നതിനും സാധിക്കാതെ പോയി. ഇതിനു കാരണം അദ്ദേഹത്തിന്റെ സാമർഥ്യക്കുറവല്ല, എതിരാളികളുടെ കുതന്ത്രങ്ങൾ അദ്ദേഹത്തിന്റെ സാമർഥ്യത്തേക്കാൾ വലുതായിപ്പോയതാണ്. അങ്ങനെ അദ്ദേഹം വീണു. പിന്നീട് വീണത് അദ്ദേഹം വിദ്യയാക്കി. പമ്പര വിഡ്ഢിത്തം! ഇത് ലീഗിന് ഗുണം ചെയ്യില്ല.

മുനീറും ഷാജിയും പറയുന്നത് ലീഗിന്റെ ഭാഷയിലും ശൈലിയിലുമല്ല. അവരുടെ വീക്ഷണം പാണക്കാട് തങ്ങന്മാരോടോ കുഞ്ഞാലിക്കുട്ടിയോടോ ചേരില്ല. ഹമീദ് ചേന്ദമംഗല്ലൂരിനോടും എം.എൻ കാരശ്ശേരിയോടുമാണ് അതിന് സാമ്യം. ലീഗിനെയും സമുദായത്തെയും സാരമായി പരി

ക്കേൽപിച്ച് സെക്യുലർ ചമയുകയാണവർ. ജമാഅത്തെ ഇസ്‌ലാമിക്ക് പരിക്കേൽപിക്കാൻ രണ്ടു പേർക്കുമാവില്ല, പക്ഷേ, ലീഗിന് ഏൽപിക്കാൻ സാധിക്കും. ലീഗിനെ തകർത്തേ അവരുടെ സെക്യുലർ നാട്യം അവസാനിക്കൂ. ഇത് മനസ്സിലാക്കാൻ ലീഗ് നേതൃത്വത്തിന് കഴിയാതെ പോയതാണ് ദുഃഖകരം.

ഷാജിയുടെയും മുനീറിന്റെയും വാദങ്ങൾ അന്തിമമായി ആർക്കാണ് ഗുണം ചെയ്യുകയെന്ന് ലീഗ് നേതൃത്വം ഗൗരവപൂർവം ചിന്തിക്കണം. ഇവരുടെ ജമാഅത്ത് വിരോധവും കലശലായ സെക്യുലർ പ്രേമവും ആരുടെ ചെലവിലാണെന്ന് നേതൃത്വം തിരിച്ചറിയണം. ജമാഅത്ത് വിരോധമാവാം, പക്ഷേ സമുദായവിരോധവും ഇസ്‌ലാംവിരോധവുമായി അത് വികസിക്കുന്നത് നല്ലതല്ല. പറയുന്നത് ഇത്രമാത്രം– ഷാജിയും മുനീറും പരിധിവിട്ടു; ജമാഅത്ത് വരച്ച പരിധിയല്ല, ലീഗിന്റെ പരിധി, ദീനിന്റെ പരിധി. അവരെ തിരുത്താൻ ലീഗ് നേതൃത്വം വിവേകം കാണിച്ചില്ലെങ്കിൽ അപരിഹാര്യമായ നഷ്ടമുണ്ടാകും.

ഹമീദും കാരശ്ശേരിയും പതിറ്റാണ്ടുകളായി കൊണ്ടുനടക്കുന്ന രോഗമാണ് ആദ്യം ഷാജിയെയും തുടർന്ന് മുനീറിനെയും പിടികൂടിയത്. ഹമീദിന്റെയും കാരശ്ശേരിയുടെയും രോഗം ജമാഅത്ത് വിരോധമല്ല, ഇസ്‌ലാം വിരോധമാണെന്ന് എല്ലാവർക്കമറിയാം. ജമാഅത്തിനെ മറയാക്കി ഇസ്‌ലാമിനെ ചവിട്ടുകയാണവർ. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പള്ളക്കു ചവിട്ടിയാണ് അവർ സെക്യുലർ ചമയുന്നത്.

ജമാഅത്തിനെക്കുറിച്ച ചർച്ച സമൂഹത്തിൽ സജീവമാക്കി നിർത്തിയതിൽ ഹമീദിനോടും കാരശ്ശേരിയോടും ജമാഅത്തിന് കടപ്പാടുണ്ട്. ഇനിയിപ്പോൾ രണ്ടു പേർ കൂടി ഈ നന്ദിയും കടപ്പാടും പങ്കിടുന്നതിന് ജമാഅത്തിന് വിരോധമൊന്നുമില്ല. പക്ഷേ, ആ രണ്ടു പേർ സി.എച്ചിന്റെ മകൻ മുനീറും യൂത്ത് ലീഗിന്റെ പ്രസിഡന്റ് ഷാജിയുമാകുന്നതാണ് വിഷമം. ഈ വിഷമവൃത്തത്തിൽ ജമാഅത്തും ലീഗും ഒരുപോലെ അകപ്പെടുന്നുണ്ട്. ഇതിന് അറുതിയുണ്ടാക്കാൻ ലീഗ് നേതൃത്വം ധൈര്യം കാട്ടണം.

ഷാജിയുടെയും മുനീറിന്റെയും ജൽപനങ്ങളെ മുസ്‌ലിം ലീഗിന്റെ നിലപാടുകളായി ജമാഅത്തെ ഇസ്‌ലാമി കരുതുന്നില്ല. മുസ്‌ലിം ലീഗിനോടുള്ള ജമാഅത്ത് സമീപനം അതുമായി ബന്ധിപ്പിച്ച് രൂപപ്പെടുത്തുന്നതുമല്ല. എന്നും ലീഗിന് ലീഗിന്റേതായ വഴിയും ജമാഅത്തിന് ജമാഅത്തിന്റേതായ വഴിയും ഉണ്ടായിരുന്നു. ചില പോയിന്റുകളിൽ അവ യോജിക്കാറുണ്ട്, ചിലപ്പോൾ വേർപിരിയാറുണ്ട്, വേറെ ചിലപ്പോൾ ഏറ്റുമുട്ടാറുമുണ്ട്. അത്ഇനിയും അങ്ങനെ തന്നെയായിരിക്കും. കാരണം ഇരു പാർട്ടികളും വ്യത്യസ്തമായ രണ്ട് ഭൂമികകളിലാണ് കെട്ടിപ്പടുത്തിരിക്കുന്നത്. ജമാഅത്തിന്, കുഞ്ഞാലിക്കുട്ടി നിരീക്ഷിച്ചതുപോലെ ഐഡിയോളജിക്കലായ സവിശേഷതയുണ്ട്. അതിന്റെ ഫലമായി ചില സാധ്യതകളും പരിമിതികളുമുണ്ട്. ഐഡിയോളജിയേക്കാൾ സാമുദായികമാണ് ലീഗിന്റെ സവിശേഷത. ഇതിന്റെ പേരിൽ ഇരു കൂട്ടരും കലഹിക്കേണ്ട കാര്യമൊന്നുമില്ല. വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കുമ്പോൾ തന്നെ സമുദായത്തിന്റെയും നാടിന്റെയും വിശാല താൽപര്യങ്ങൾക്കു വേണ്ടി ഇരു കൂട്ടർക്കും സഹകരിക്കാവുന്നതേയുള്ളൂ. ജമാഅത്ത് അതിന് ഒരുക്കമാണ്, ലീഗ്, പക്ഷേ പലപ്പോഴും ഒരുക്കമല്ല. അവർക്ക് വേണ്ടത് വോട്ടാണ്. കൂടാതെ ചില മതസംഘടനകളുടെ സമ്മർദങ്ങൾക്കും ലീഗ് നിരന്തരം വിധേയമാകുന്നു.

മതസംഘടനകളെന്തിനാണ് ജമാഅത്തിനെ പേടിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. മതസംഘടനകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്ന വിഷയങ്ങളിലൊന്നും ജമാഅത്ത് കൈകടത്തുന്നില്ല. സ്വന്തമായി പള്ളിയും പള്ളിക്കൂടവും സ്ഥാപിക്കുക പോലും ജമാഅത്തിന്റെ നയമായിരുന്നില്ല. മഹല്ലുകളിൽനിന്ന് വേർപിരിയാൻ ജമാഅത്ത് തീരുമാനിച്ചിട്ടില്ല. സുന്നികളെയോ മുജാഹിദുകളെയോ അംഗീകരിക്കാതിരുന്നിട്ടില്ല. ആരെയും കാഫിറാക്കാനോ മുശ്‌രിക്കാക്കാനോ മുതിർന്നിട്ടില്ല. എന്നിട്ടും ജമാഅത്ത് എങ്ങനെ ഇവരുടെ ശത്രുപക്ഷത്തായി? കാരണം വ്യക്തം– ജമാഅത്ത് ജീവിക്കുന്ന ഇസ്‌ലാമിനെ അവതരിപ്പിച്ചു; ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും അത് കടന്നുചെന്നു. മതസംഘടനകളെ സന്തോഷിപ്പിക്കേണ്ട കാര്യമായിരുന്നു യഥാർഥത്തിൽ ഇത്. പക്ഷേ അവർ ഇസ്‌ലാമിന്റെ ശത്രുക്കൾ വിരിച്ച വലകളിൽ കുടുങ്ങിപ്പോയി. ഇസ്‌ലാമിനെ കേവല മതമായി ചുരുട്ടിക്കെട്ടാൻ ശത്രുക്കൾ മതസംഘടനകളെ സമർഥമായി ഉപയോഗിച്ചു. ശത്രുക്കൾ പ്രചരിപ്പിക്കുന്ന ഇസ്‌ലാമാണ് നിർഭാഗ്യവശാൽ നമ്മുടെ മതസംഘടനകൾ പ്രബോധനം ചെയ്യുന്നത്. ഇസ്‌ലാമിന് ശത്രു

ക്കൾ നിശ്ചയിച്ച വലുപ്പമാണ് അവർ അംഗീകരിച്ചത്. ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും അവർ വംശവദരായി; അപകർഷബോധത്തിനു അടിമകളായി. ഒന്നും അറിഞ്ഞുകൊണ്ട് ഒറ്റയടിക്ക് സംഭവിച്ചതല്ല. അറിയാതെ കാലാന്തരേണ സംഭവിച്ചുപോയതാണ്. ഇതിൽനിന്ന് തലയൂരാൻ മതസംഘടനകൾക്ക് സാധിക്കണം. ജമാഅത്തെ ഇസ്‌ലാമി അവരുടെ വിഷയമാകേണ്ടതില്ല; ഇസ്‌ലാം വിഷയമാകണം. ജമാഅത്തെ ഇസ്‌ലാമിക്ക് അവർ വഴങ്ങേണ്ടതില്ല; ഇസ്‌ലാമിനു വഴങ്ങണം. മുഴുനീള ഇസ്‌ലാമിനെ അവർ തത്വത്തിലെങ്കിലും അംഗീകരിക്കണം. ഇസ്‌ലാം ജനകോടികളുടെ ആവശ്യവും ആവേശവുമായി മാറിയത് അവർ കണ്ണ് തുറന്ന് കാണണം.



പി.കെ കുഞ്ഞാലിക്കുട്ടി



പിണറായി വിജയൻ

ലീഗെന്തിനാണ് ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയത്തെ പേടിക്കുന്നത്? ജമാഅത്ത് മുൻകൈയെടുത്ത് രൂപവത്കരിക്കാൻ പോകുന്ന രാഷ്ട്രീയ പാർട്ടി ലീഗ് വിരുദ്ധമായിരിക്കുമെന്ന് അവരെങ്ങനെയാണ് മുൻകൂട്ടി തീരുമാനിച്ചത്? ജമാഅത്ത് അസന്ദിഗ്ധമായി പ്രഖ്യാപിച്ചില്ലേ, ജമാഅത്ത് വിഭാവനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടി സാമുദായികമല്ല, വർഗീയമല്ല, പ്രാദേശികമല്ല, മാനവികവും മൂല്യാധിഷ്ഠിതവുമാണെന്ന്. ലീഗിന്റെ ഭൂമികയിലല്ല ജമാഅത്ത് രാഷ്ട്രീയം പയറ്റാൻ പോകുന്നത്. സർവാംഗീകൃത മൂല്യങ്ങളുടെ അടിത്തറയിൽ ഒരു സ്വതന്ത്ര പൊതു രാഷ്ട്രീയ പ്രസ്ഥാനമാണ് ജമാഅത്ത് രൂപകൽപന ചെയ്യുന്നത്. ലീഗ് അതിന്റെ ശത്രുപക്ഷത്തല്ല, മിത്രപക്ഷത്താണ് നിലയുറപ്പിക്കേണ്ടത്.

ജമാഅത്ത് മുന്നോട്ടുവെക്കുന്ന പൊതു രാഷ്ട്രീയ പ്രസ്ഥാനത്തെ മതസംഘടനകളും പേടിക്കേണ്ടതില്ല. എല്ലാ മതസംഘടനകൾക്കും അത് അർഹമായ പരിഗണന നൽകും. സുന്നിക്ക് സുന്നിയായും മുജാഹിദിന് മുജാഹിദായും തബ്‌ലീഗിന് തബ്‌ലീഗായും ജമാഅത്തിന് ജമാഅത്തായും അതിൽ പ്രവർത്തിക്കാം. ഹിന്ദുവിന് ഹിന്ദുവായും ക്രൈസ്തവന് ക്രൈസ്തവനായും മുസ്‌ലിമിന് മുസ്‌ലിമായും പ്രവർത്തിക്കാവുന്നതുപോലെ. സങ്കുചിത താൽപര്യങ്ങൾക്കും സംഘടനാ പക്ഷപാതിത്വങ്ങൾക്കും അതീതവും തീർത്തും അവർഗീയവുമായിരിക്കും അത്.

പ്രത്യേകം മനസ്സിലാക്കേണ്ട കാര്യമിതാണ്– ജമാഅത്തെ ഇസ്‌ലാമി സ്വയം ഒരു രാഷ്ട്രീയ പ്രസ്ഥാനമാവുകയല്ല, അത് മുൻകൈയെടുത്ത് ഒരു പൊതു രാഷ്ട്രീയ പ്രസ്ഥാനം രൂപവത്കരിക്കുകയാണ്. എല്ലാ ജനവിഭാഗങ്ങൾക്കും അതിൽ ഇടമുണ്ടാകും. മൂല്യാധിഷ്ഠിത ക്ഷേമരാഷ്ട്രം, സാമൂഹിക നീതി, പിന്നാക്ക ന്യൂനപക്ഷ പീഡിത ജനവിഭാഗങ്ങളുടെ ഉന്നമനം തുടങ്ങിയ പൊതു ലക്ഷ്യങ്ങളിലൂന്നിയായിരിക്കും അത് പ്രവർത്തിക്കുക. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യയശാസ്ത്രം അതിനു മേൽ കെട്ടിവെക്കില്ല. ജമാഅത്ത് അതിനോ അത് ജമാഅത്തിനോ ഭാരമോ ബാധ്യതയോ ആവില്ല.

പിണറായി വിജയനും ജമാഅത്തിന്റെ രാഷ്ട്രീയ പാർട്ടിയെ പേടിക്കേണ്ടതില്ല. കിനാലൂർ എസ്റ്റേ

റ്റിലെ പരാജയം മാത്രമല്ല, ജമാഅത്ത് മുന്നോട്ട് വെക്കുന്ന രാഷ്ട്രീയ പാർട്ടിയും പിണറായി വിജയന്റെ ജമാഅത്ത് വേട്ടക്കു നിമിത്തമായിട്ടുണ്ട്. എൺപതുകളിലെ ശരീഅത്ത് വിവാദകാലത്തേക്ക് മാർക്സിസ്റ്റ് പാർട്ടിയെയും കേരളത്തെയും കൊണ്ടുപോകാൻ അദ്ദേഹവും കുറച്ച് സഹപ്രവർത്തകരും ഗൂഢാലോചന നടത്തുന്നുണ്ട്. പിണറായിയുടെ പിറകെ പോയി കുളത്തിൽ ചാടുന്നതിന് മുമ്പ് മാർക്സിസ്റ്റ് പാർട്ടി നാലുവട്ടം ചിന്തിക്കണം, കമ്യൂണിസ്റ്റ് പാർട്ടികളോടും ഇടതുപക്ഷ പ്രസ്ഥാനത്തോടും കാലം ആവശ്യപ്പെടുന്നതെന്താണെന്ന്; ഇപ്പോഴത്തേത് ഇടതുപക്ഷ നിലപാട് തന്നെയാണോ എന്നും. ■

അടുത്ത ലക്കത്തിൽ:

**കമ്യൂണിസ്റ്റുകാർ ഇസ്‌ലാമിസ്റ്റുകൾക്കൊപ്പം നിൽക്കണം**